താമരശ്ശേരി ഗ്രാമ പഞ്ചായത്ത് ആഫീസ്

രാരോത്ത്<br>
താമരശ്ശേരി.പി.ഓ<br>
കോഴിക്കോട്<br>
Phone No:04952222252<br>
E-mail:thamarasserygp@gmail.com


## കാര്യാലയ പത്രിക / കുറിപ്പ്

നമ്പർ - 400985/PTAL06/GPO/2023/12054/(1)

തീയതി : 15/11/2023

സ്വീകർത്താവ്

ഐ വി ഒ<br>
തദ്ദേശ സ്വയംഭരണ വകുപ്പ് , കോഴിക്കോട്

വിഷയം:- കെട്ടിടത്തിന് നമ്പർ നല്കുന്നതിനുള്ള നടപടികളിന്മേലുള്ള പരാതി.

പശ്ചാത്തലം :-

താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ വാർഡ് 11 ൽ റിസർവ്വേ 29/2A3 യിൽ ഒരു സ്പെഷ്യൽ
റസിഡൻസ് നിർമ്മിക്കുന്നതിന് 19/5/2010 തിയ്യതിയിൽ ശ്രീ. രവി s/o നാരായണൻ നായർ എന്നവർ 18/5/2010
തിയ്യതിയിലെ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് സഹിതം പെർമിറ്റിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും 233.811 ച മീ
കെട്ടിടത്തിന് പഞ്ചായത്ത് അനുമതി നൽകിയിട്ടുള്ളതുമാകുന്നു. 08/07/2010 തിയ്യതിയിലെ വയൽകമ്മറ്റിയുടെ 48 നമ്പർ
തീരുമാന പ്രകാരം വസ്തുവിൽ പുരയിടമുള്ളതായും ആയത് പുനർനിർമ്മിക്കുന്നതിന് അനുമതി നൽകിയതായുമുള്ള
റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 08/07/2010 ൽ പെർമിറ്റ് അനുവദിച്ചതായി ഫയലിൽ കാണുന്നു. 01/06/2017
തിയ്യതിയിൽ 5450/2017 അപേക്ഷ പ്രകാരം കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും,
അപേക്ഷയോടൊപ്പം ഹാജരാക്കിയ 1651/2017 dtd 26/5/2017 കൈവശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം നഞ്ച എന്ന്
രേഖപ്പെടുത്തിയിട്ടുള്ളതുമാകുന്നു. 2012 ജനുവരി18 തിയ്യതിയിൽ പഞ്ചായത്ത് പ്രസിദ്ധീകരിച്ച ഡാറ്റാബാങ്കിൽ പ്രസ്തുത
റിസർവ്വേ ഉൾപ്പെടുന്നതിനാൽ നമ്പർ അനുവദിച്ചിട്ടില്ലാത്തതുമാകുന്നു. 15/6/2018 തിയ്യതിയിൽ തരം മാറ്റിയ ഉത്തരവുമായി
അപേക്ഷിക്കുന്നതിന് കക്ഷിക്ക് കത്ത് നൽകിയിട്ടുള്ളതും ആയത് നാളിതുവരെ ഹാജരാക്കിയിട്ടില്ലാത്തതുമാകുന്നു. 2023
സെപ്റ്റംബർ മാസത്തിൽ കക്ഷി പഞ്ചായത്തിൽ ഹാജരായിട്ടുള്ളതും ടി വിവരങ്ങൾ നേരിട്ട് ബോധിപ്പിച്ചിട്ടുള്ളതുമാകുന്നു.

നിർദേശങ്ങൾ/ശുപാർശകൾ :-

ബിന്ദു ഐ എസ്
സെക്രട്ടറി

Document certified by BINDU I S <bindusipi@gmail.com>.

Digitally signed by BINDU I S
Date: 2023.11.15 15:15:24 IST
Reason: ILGMS Govt. of kerala